# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.02.2013 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1140**

ആദായകരമല്ലാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ആദായകരമല്ലാത്ത സ്കൂളുകൾ എന്നതിന്റെ നിർവ്വചനം എന്താണെന്ന് വ്യക്തമാക്കുമോ;<br>(ബി) ആദായകരമല്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | | എ യും ബി യും<br><br>കെ.ഇ.ആർ. അദ്ധ്യായം - 5 നിയമം 22 എ അനുസരിച്ച് എൽ.പി. യു.പി. ഹൈസ്ക്കൂളുകളിൽ ഓരോ സ്റ്റാൻഡേർഡിലും മിനിമം ഇഫക്ടീവ് സ്ട്രങ്ത് 25 ആണ്. ഒരു സ്ക്കൂളിലെ ഒരു സ്റ്റാൻഡേർഡിൽ ശരാശരി 25 കുട്ടികളിൽ കുറയാൻ പാടില്ല. അറബിക്, സംസ്കൃതം എന്നീ ക്ലാസ്സുകളിൽ 15 കുട്ടികൾ മതിയാകും. ഇപ്രകാരം എൽ.പി.സ്ക്കൂളിൽ 100 ഉം യു.പി. യിലും ഹൈസ്ക്കൂളിലും 75 വീതവും കുട്ടികളിൽ കുറവാണെങ്കിൽ പ്രസ്തുത സ്ക്കൂൾ അൺ ഇക്കണോമിക് ആയി കണക്കാക്കും. |
| (സി) സംസ്ഥാനത്ത് ഇപ്പോൾ ആദായകരമല്ലാത്ത എത്ര സ്ക്കൂളുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ആദായകരമല്ലാത്ത 4614 സ്ക്കൂളുകൾ 2011-12 ലെ കണക്കനുസരിച്ച് നിലവിൽ ഉണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 301 |
| 2. | കൊല്ലം | 264 |
| 3. | പത്തനംതിട്ട | 506 |
| 4. | ആലപ്പുഴ | 349 |
| 5. | കോട്ടയം | 472 |
| 6. | ഇടുക്കി | 190 |
| 7. | എറണാകുളം | 440 |

| | | |
|---|---|---|
| 8. | തൃശ്ശൂർ | 306 |
| 9. | പാലക്കാട് | 274 |
| 10. | മലപ്പുറം | 128 |
| 11. | കോഴിക്കോട് | 473 |
| 12. | വയനാട് | 74 |
| 13. | കണ്ണൂർ | 685 |
| 14. | കാസർഗോഡ് | 152 |
| | ആകെ | 4614 |

Sd/-

സെക്ഷൻ ഓഫീസർ